**UNIVERSITY OF CALICUT**
**CENTRE FOR DISTANCE AND ONLINE EDUCATION**

84444/CDOE-C-ASST-2/2017/Admn 13.08.2024

## വിജ്ഞാപനം

**യു.ജി (സി.ബി.സി.എസ്.എസ് ) CDOE മൂന്നാം സെമസ്റ്ററിലേക്കുള്ള പുനഃപ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചു.**

കാലിക്കറ്റ് സർവകലാശാല സി. ഡി. ഒ. ഇ (Formerly SDE) വിഭാഗത്തിന് കീഴിൽ ബി.എ - അഫ്സൽ- ഉൽ - ഉലമ, ബി.എ പൊളിറ്റിക്കൽ സയൻസ്, ബി.കോം & ബി.ബി.എ ( സി ബി സി എസ് എസ് ) പ്രോഗ്രാമുകൾക്ക് 2019, 2021, 2022 എന്നീ വർഷങ്ങളിൽ അഡ്മിഷൻ നേടി, രണ്ടാം സെമസ്റ്റർ പരീക്ഷക്ക് അപേക്ഷിച്ച ശേഷം തുടർപഠനം നടത്താൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് പ്രസ്തുത പ്രോഗ്രാമിന്റെ മൂന്നാം സെമസ്റ്ററിലേയ്ക്ക് പുനഃപ്രവേശനം നടത്തി പഠനം തുടരാവുന്നതാണ്. പുനഃപ്രവേശനത്തിനു ഓൺലൈനായിട്ടാണ് അപേക്ഷിക്കേണ്ടത്. **അവസാന തീയതി : 24.08.2024, 100 രൂപ ഫൈനോടു കൂടി 31.08.2024, 500 രൂപ ഫൈനോടു കൂടി 05.09.2024.**

കാലിക്കറ്റ് സർവകലാശാല **CENTRE FOR DISTANCE AND ONLINE EDUCATION** (Formerly SDE) വിഭാഗത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് www.sde.uoc.ac.in-ൽ പ്രവേശിച്ചു ഹോം പേജിലുള്ള Online Registration link (Post payment link) ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കുക.

## ഫീസ്

| പ്രോഗ്രാം | റീ അഡ്മിഷൻ ഫീ | രണ്ടാം വർഷ ട്യൂഷൻ ഫീ | ആകെ തുക |
|---|---|---|---|
| BA | ₹ 860 | ₹ 1625 | ₹ 2485 |
| B.Com | ₹ 860 | ₹ 1855 | ₹ 2715 |
| BBA | ₹ 860 | ₹ 3480 | ₹ 4340 |

**റീ - അഡ്മിഷൻ നേടുന്നവർ മൂന്നാം സെമസ്റ്റർ പരീക്ഷ, സി ബി സി എസ് എസ് 2023 അഡ്മിഷന്റെ സിലബസ് പ്രകാരമാണ് എഴുതേണ്ടത്. പുതിയ സിലബസിൽ (ഒന്നും രണ്ടും സെമസ്റ്ററിൽ) ഉള്ളതും പഴയ സിലബസിൽ ഇല്ലാതിരുന്നതുമായ പേപ്പറുകൾ (ഡെഫിഷ്യൻസി പേപ്പറുകൾ) വിദ്യാർഥികൾ സ്വന്തം ഉത്തരവാദിത്വത്തിൽ യൂണിവേഴ്സിറ്റി അനുശാസിക്കുന്ന നിയമങ്ങൾക്കു വിധേയമായി എഴുതി പാസാവേണ്ടതാണ്.**

ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷയുടെ പ്രിന്റൗട്ട്, ഫീസ് അടച്ച ഒറിജിനൽ ചലാൻ, രണ്ടാം സെമസ്റ്റർ പരീക്ഷയുടെ ഹാൾ ടിക്കറ്റിന്റെ ശരി പകർപ്പ്, സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ നിന്നുള്ള ഐഡന്റിറ്റി കാർഡ് / ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഓൺലൈൻ അപേക്ഷ സമർപ്പിച്ച 05.09.2024 നകം കാലിക്കറ്റ് സർവകലാശാല സി. ഡി. ഒ. ഇ (Formerly SDE) വിഭാഗം ഓഫീസിൽ എത്തിക്കേണ്ടതാണ് .

വിശദ വിവരങ്ങൾക്ക് ഫോൺ 0494-2400288, 2407356.

Dr.Ravikumar C.D
Director, Centre for Distance and Online Education